# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.03.2026**

### പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യയിൽ സംഘർഷ സാഹചര്യം തുടരുന്നു, ഇറാൻറെ സൈനിക മേധാവിയും പ്രതിരോധ മന്ത്രിയും കൊല്ലപ്പെട്ടു. പൗരന്മാർക്കായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഇന്ത്യൻ എംബസികൾ.

2. മയക്കുമരുന്നിനെതിരായ ബോധവത്കരണം അതിർവരമ്പുകളില്ലാത്ത ജനകീയ പ്രചാരണമാക്കണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പത്തനാപുരം സെൻ്റ് സ്റ്റീഫൻസ് ഹയർ സെക്കൻഡറി സ്കൂളിൻ്റെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തു.

3. തമിഴ്നാട്ടിലെ മധുരയിൽ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു, സംസ്ഥാനത്തിൻറെ വികസന യാത്രയിൽ അഭിമാനകരമായ അധ്യായമെന്ന് പ്രധാനമന്ത്രി.

4. മുണ്ടക്കൈ- ചൂരൽമല ദുരന്തബാധിതർക്കായി സർക്കാർ നിർമിച്ച് നൽകിയ ടൗൺഷിപ്പ് ലോക മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

RNUTVPM

5. **ആറ്റുകാൽ പൊങ്കാലയ്ക്കൊരുങ്ങി തലസ്ഥാന നഗരി, സുരക്ഷയ്ക്കായി 5,000 ലേറെ പോലീസ് ഉദ്യോഗസ്ഥർ.**

6. **ടി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ട് പോരാട്ടത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും.**

**&&&&&&&&&&&&&&&&&&**

**അമേരിക്ക - ഇസ്രായേൽ**

അമേരിക്ക - ഇസ്രായേൽ സംയുക്ത വ്യോമാക്രമണത്തിൽ ഇറാൻ്റെ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമനേയി കൊല്ലപ്പെട്ടു. രാജ്യത്തെ തിരിച്ചുപിടിക്കാൻ ഇറാനിയൻ ജനതയ്ക്ക് ലഭിച്ച ഏറ്റവും വലിയ അവസരമാണിതെന്ന് അമേരിക്കൻ പ്രസിഡൻ്റ് ഡോണൾഡ് ട്രംപ് വ്യക്തമാക്കി. ഇറാൻ്റെ ഭാഗത്ത് നിന്നും എന്തെങ്കിലും പ്രകോപനം ഉണ്ടായാൽ അതിശക്തമായ തിരിച്ചടി ഉണ്ടാകുമെന്നും ട്രംപ് സമൂഹ മാധ്യമത്തിൽ കുറിച്ചു. ഖമനേയിയുടെ മരണത്തിന് തങ്ങൾ ശക്തമായ മറുപടി നൽകുമെന്ന ഇറാനിയൻ നേതൃത്വത്തിൻറെ പ്രസ്താവനയ്ക്ക് പിന്നാലെയാണ് ട്രംപിൻറെ പ്രതികരണം.

RNU TVPM

**&&&&&&&&&&&&&&&&&&**

**ഇറാൻ പ്രതിരോധ മന്ത്രി**

ഇസ്രായേൽ വ്യോമാക്രമണത്തിൽ ഇറാൻ സൈനിക മേധാവിയും പ്രതിരോധ മന്ത്രിയും കൊല്ലപ്പെട്ടതായി ഇറാൻ ഔദ്യോഗിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇറാൻ പ്രതിരോധ കൗൺസിൽ യോഗത്തെ ലക്ഷ്യം വച്ചുള്ള ആക്രമണത്തിൽ ജനറൽ അബ്ദുൾ റഹീം മൗസവി, പ്രതിരോധ മന്ത്രി ജനറൽ അസീസ് നസീർസാദെ എന്നിവരും അർദ്ധസൈനിക വിഭാഗത്തിൻ്റെ തലവനും സുരക്ഷാ ഉപദേഷ്ടാവുമായ അലി ഷംഖാനിയും കൊല്ലപ്പെട്ടു.

&&&&&&&&&&&&&&&&&&

<u>ഇന്ത്യൻ എംബസി നിർദ്ദേശം</u>

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ എംബസികൾ പൗരന്മാർക്കായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇറാൻ, യു എ ഇ, സൗദി അറേബ്യ, ഖത്തർ, കുവൈറ്റ്, ബഹ്റൈൻ, ജോർദാൻ, സിറിയ, പലസ്തീൻ, തുടങ്ങിയ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളാണ് ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചത്.

&&&&&&&&&&&&&&&&&&

<u>വിമാനങ്ങൾ റദ്ദാക്കി</u>

പശ്ചിമേഷ്യൻ മേഖലയിൽ സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ ഇന്ത്യൻ വിമാന കമ്പനികളുടെ 350 വിമാന സർവീസുകൾ റദ്ദാക്കിയതായി വ്യോമയാന മന്ത്രാലയം അറിയിച്ചു. വിമാനങ്ങളുടെ തൽസ്ഥിതി വിമാന കമ്പനികളുടെ വെബ്സൈറ്റിൽ പരിശോധിക്കാനാകും. ഇന്ന് തിരുവനന്തപുരത്തേക്കുള്ള 17 വിമാന സർവീസുകളും ഇവിടെ നിന്നും പുറപ്പെടേണ്ട 16 സർവീസുകളും റദ്ദാക്കിയതായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള അധികൃതർ അറിയിച്ചു. നാളത്തെ അഞ്ച് വിമാനസർവീസുകളും റദ്ദ് ചെയ്തിട്ടുണ്ട്. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് നാളെ അന്താരാഷ്ട്ര സർവീസ് നടത്തുന്ന ഇൻഡിഗോയുടെ മുഴുവൻ വിമാനങ്ങളും റദ്ദാക്കിയതായി വിമാനത്താവള അധികൃതർ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

<u>സി ബി എസ് ഇ</u>

പശ്ചിമേഷ്യൻ മേഖലയിൽ നാളെ നടക്കാനിരുന്ന 10, 12 ക്ലാസ് പരീക്ഷകൾ മാറ്റി വയ്ക്കുമെന്ന് CBSE അറിയിച്ചു. ബഹ്റൈൻ, ഇറാൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യുഎഇ എന്നിവിടങ്ങളിലെ നിലവിലെ സാഹചര്യം കണക്കിലെടുത്താണ് തീരുമാനമെന്ന് ബോർഡ് വ്യക്തമാക്കി. പുതിയ തീയതികൾ പിന്നീട് പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&&&

<u>നോർക്ക</u>

സംഘർഷ സാഹചര്യത്തിൽ, പ്രവാസി മലയാളികൾക്കായി നോർക്ക റൂട്ട്സ് ഹെൽപ്പ്ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. സഹായം ആവശ്യമുള്ളവർക്ക് +91-880 201 2345 എന്ന നമ്പറിൽ ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും 1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

PNU TVPM

&&&&&&&&&&&&&&&&&&

<u>മുഖ്യമന്ത്രി പിണറായി വിജയൻ -ക ത്ത്</u>

ഗൾഫ് മേഖലയിലെ സംഘർഷാവസ്ഥയുടെ സാഹചര്യത്തിൽ പ്രവാസി മലയാളികൾക്ക് വേണ്ടി അടിയന്തരമായി ഇടപെടാൻ അഭ്യർത്ഥിച്ച് പ്രധാനമന്ത്രിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കത്തയച്ചു. പ്രവാസികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, സാഹചര്യം ആവശ്യപ്പെടുകയാണെങ്കിൽ അവരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുമുള്ള അടിയന്തര മുന്നൊരുക്കങ്ങൾ കേന്ദ്ര സർക്കാരിൻറെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് മുഖ്യമന്ത്രി കത്തിൽ ആവശ്യപ്പെട്ടു. വിഷയത്തിൽ കേന്ദ്ര സർക്കാരിന് സാധ്യമായ എല്ലാ പിന്തുണയും സഹായങ്ങളും നൽകാൻ സംസ്ഥാനം സജ്ജമാണെന്നും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

ഉപരാഷ്ട്രപതി -INTRO

വിമർശനാത്മക ചിന്ത, സഹാനുഭൂതി, സമഗ്രത തുടങ്ങിയ ഗുണങ്ങൾ വളർത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. വികസിതഭാരതം യാഥാർത്ഥ്യമാകാൻ വികസിതകേരളവും യാഥാർത്ഥ്യമാകണമെന്നും അക്കാര്യത്തിൽ വിദ്യാലയങ്ങൾക്ക് വലിയ സംഭാവനകൾ ചെയ്യാനാകുമെന്നും അദ്ദേഹം പറഞ്ഞു.പത്തനാപുരം സെൻ്റ് സ്റ്റീഫൻസ് ഹയർ സെക്കൻഡറി സ്കൂളിൻ്റെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി . മയക്കുമരുന്നിനെതിരായ ബോധവത്കരണം എല്ലാ അതിർവരമ്പുകളും മറികടന്നുള്ള ജനകീയപ്രചാരണമാകണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(VOICE - ഉപരാഷ്ട്രപതി )

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ , കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, കൊടിക്കുന്നിൽ സുരേഷ് എം.പി., മന്ത്രിമാരായ കെ. എൻ. ബാലഗോപാൽ, കെ.ബി. ഗണേഷ് കുമാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു..

KNU TVPM

&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി ( ഇൻട്രോ)

തമിഴ്നാട്ടിലെ മധുരയിൽ നാലായിരത്തി നാനൂറ് കോടി രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു. തമിഴ്നാടിൻ്റെ വികസന യാത്രയിൽ അഭിമാനകരമായ അധ്യായമാണിതെന്ന് അദ്ദേഹം പറഞ്ഞു. കുംഭകോണം, യേർക്കോട്, വെല്ലൂർ എന്നിവിടങ്ങളിലായി മൂന്ന് പുതിയ ആകാശവാണി എഫ്എം റിലേ ട്രാൻസ്മിറ്ററുകളും പ്രധാനമന്ത്രി ചടങ്ങിൽ ഉദ്ഘാടനം ചെയ്തു.

( വോയിസ്.. പ്രധാനമന്ത്രി)

മധുരയിൽ എൻഡിഎ റാലിയെ അഭിസംബോധന ചെയ്ത ശ്രീ മോദി തിരുപ്പറംകുന്ദ്രത്തെ അരുൾമിഗു സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ ദർശനവും നടത്തി. കേന്ദ്രസഹമന്ത്രി എൽ മുരുഗൻ സന്നിഹിതനായിരുന്നു. പുതുച്ചേരിയിൽ രണ്ടായിരത്തി 700 കോടി രൂപയിലധികം വിലമതിക്കുന്ന വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി രാവിലെ നിർവഹിച്ചിരുന്നു.

&&&&&&&&&&&&&&&&&&

__മുഖ്യമന്ത്രി__

ദുരന്തബാധിതർക്കായി സർക്കാർ നടപ്പിലാക്കിയ ടൗൺഷിപ്പ് ലോക മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ . മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതർക്കുള്ള കൽപ്പറ്റ ടൗൺഷിപ്പിൻറെ ആദ്യഘട്ട ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ടൗൺഷിപ്പിൻറെ ആദ്യഘട്ട ഗുണഭോക്താക്കളായ 178 കുടുംബങ്ങൾക്ക് വീടുകൾ കൈമാറി.

RNU TVPM

&&&&&&&&&&&&&&&&&&

__ചൂരൽമല പട്ടികവർഗ്ഗ കുടുംബങ്ങൾ__

ഉരുൾപൊട്ടൽ ബാധിച്ച ചൂരൽമലയിലെ 13 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മേപ്പാടി പുതിയ വില്ലേജിൽ ടൗൺഷിപ്പ് നിർമിക്കും. വെള്ളരിമല വില്ലേജിലെ അഞ്ചു ഹെക്ടർ ഭൂമിയിലാണ് എൽസ്റ്റണിലേതിന് സമാനമായ ടൗൺഷിപ്പ് നിർമിക്കുന്നത്. ഏറാട്ടുകുണ്ട്, പുഞ്ചിരിമട്ടം, പുതിയ വില്ലേജ് ഉന്നതികളിലെ 13 കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശ രേഖ കൈമാറി. ഓരോ കുടുംബത്തിനും 10 സെൻ്റ് ഭൂമിയുടെ രേഖയാണ് നൽകിയത്.

&&&&&&&&&&&&&&&&&&

<u>തീവ്ര വോട്ടർ പട്ടിക</u>

സംസ്ഥാനത്ത്, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേരു ചേർക്കാം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബന്ധപ്പെട്ട ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

&&&&&&&&&&&&&&&&&&

<u>ടി-20 ലോകകപ്പ്</u>

ടി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ടിൽ ഇന്ത്യ -വെസ്റ്റ് ഇൻഡീസ് പോരാട്ടം അല്പസമയത്തിനകം. ടോസ് നേടിയ ഇന്ത്യ ബൗളിംഗ് തിരഞ്ഞെടുത്തു.. കൊൽക്കത്തയിലാണ് മത്സരം. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ സിംബാവെയെ ദക്ഷിണാഫ്രിക്ക 5 വിക്കറ്റിന് പരാജയപ്പെടുത്തി. ഡൽഹിയിൽ നടന്ന മത്സരത്തിൽ ടോസ് നേടിയ സിംബാവേ നിശ്ചിത ഓവറിൽ 153 റൺസ് നേടിയെങ്കിലും 17.5 ഓവറിൽ ദക്ഷിണാഫ്രിക്ക വിജയലക്ഷ്യം പിന്നിട്ടു.

&&&&&&&&&&&&&&&&&&

<u>ആറ്റുകാൽ പൊങ്കാല (ഇൻട്രോ )</u>

ആറ്റുകാൽ പൊങ്കാലയ്ക്കായി ഒരുങ്ങി തിരുവനന്തപുരം.

RNUTVPM

പൊങ്കാലയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ വിലയിരുത്തി. ഇന്ന് രാവിലെ ചേർന്ന ക്ഷേത്ര ട്രസ്റ്റ് യോഗത്തിൽ ജില്ലാ കളക്ടർ അനുകുമാരി,വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**വിശദാംശ ങ്ങളുമായി ആകാശവാണി തിരുവന ന്തപുരം ജില്ലാപ്രതിനിധി രെജു കോലിയേ ക്കോട്.....**

**(വോയിസ്)**

**&&&&&&&&&&&&&&&&&&**

## ആറ്റുകാൽ പൊങ്കാല -റെയിൽവേ

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. മറ്റെന്നാൾ വരെ വാഹന പാർക്കിങ് കർശനമായി നിയന്ത്രിക്കും. പുനർനിർമാണ പ്രവർത്തനങ്ങൾ കാരണം പവർ ഹൗസ് റോഡ് വശം പൂർണമായി അടച്ചു. യാത്രക്കാർ തമ്പാനൂർ ഭാഗത്തുള്ള പ്രവേശന കവാടങ്ങൾ ഉപയോഗിക്കണം. തീർത്ഥാടകരുടെ സൗകര്യാർത്ഥം കൊല്ലം ഭാഗത്തേക്കുള്ള ട്രെയിനുകൾ - ഒന്ന് മുതൽ നാല് വരെയുള്ള പ്ലാറ്റ്ഫോമുകളിൽ നിന്നും, നാഗർകോവിൽ ഭാഗത്തേക്കുള്ള ട്രെയിനുകൾ — പ്ലാറ്റ് ഫോം അഞ്ചിൽ നിന്നും പുറപ്പെടും.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&**

RNU TVPM